# കേരള സർവ്വകലാശാല

## അഫിലിയേറ്റഡ് ആർട്സ് ആന്റ് സയൻസ് കോളെജുകളിലെ ഒന്നാം വർഷ ബി. എ./ ബി. എസ്. സി/ ബി. കോം./ ബി. വോക് പ്രോഗ്രാമുകളിലേക്ക് പ്രവേശനത്തിനുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് 2018 - 2019

# ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്

## നിർദ്ദേശങ്ങൾ

---

2018 - 2019 അദ്ധ്യയന വർഷത്തെ ബിരുദ പ്രവേശനത്തിനുള്ള **ഒന്നാം സപ്ലിമെന്ററി അലോട്ട്മെന്റ്** http://admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. അപേക്ഷകർ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് തങ്ങളുടെ അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്. നാലാം അലോട്ട്മെന്റിനു ശേഷം ഒഴിവു വന്ന സീറ്റുകളിലേക്കാണ് ഈ അലോട്ട്മെന്റ് നടത്തിയിരിക്കുന്നത്.

ഈ അലോട്ട്മെന്റിൽ ആദ്യമായി അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ കോളേജിൽ പ്രവേശനം നേടുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യുന്നതിനായി സർവകലാശാല ഫീസ് ഓൺലൈനായോ, ഫീസ് അടയ്ക്കുന്നതിനുള്ള ചെലാന്റെ പ്രിന്റ് ഔട്ട് എടുത്ത് എസ്. ബി. ഐ. യുടെ ഏതെങ്കിലും ശാഖയിലോ ഒടുക്കേണ്ടതാണ്. സർവകലാശാല ഫീസ് ജനറൽ വിഭാഗത്തിന് 1525/- രൂപയും എസ്.സി./എസ്.ടി. വിഭാഗത്തിന് 840/- രൂപയുമാണ്. ചെലാൻ ഉപയോഗിച്ച് സർവകലാശാല ഫീസ് ഒടുക്കുന്ന അപേക്ഷകർ, ഫീസ് അടച്ചതിനു ശേഷം അഡ്മിഷൻ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് ഫീസ് ഒടുക്കിയതിന്റെ വിവരം (ജേർണൽ നമ്പർ) നൽകി അലോട്ട്മെന്റ് മെമ്മോ പ്രിന്റെടുക്കാവുന്നതാണ്. കോളേജുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് ഈ അലോട്ട്മെന്റിൽ തങ്ങളുടെ ഹയർ ഓപ്ഷനുകളിലേക്ക് അലോട്ട്മെന്റ് ലഭിച്ചാൽ സർവകലാശാല ഫീസ് വീണ്ടും അടയ്ക്കേണ്ടതില്ല. അങ്ങനെയുള്ളവർ നിർബന്ധമായും ഇപ്പോൾ പ്രവേശനം നേടിയിരിക്കുന്ന കോളേജിൽ നിന്നും ടി. സി. വാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. 2018 ജൂലായ് 17, 18, 19 തീയതികളിലാണ് കോളേജുകളിൽ പ്രവേശനം നേടേണ്ടത്. (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക)

അലോട്ട്മെന്റ് മെമ്മോയിൽ, അലോട്ട്മെന്റ് ലഭിച്ച കോളേജ്, കോഴ്സ്, കാറ്റഗറി, അഡ്മിഷൻ എടുക്കേണ്ട തീയതി തുടങ്ങിയവ ഉണ്ടായിരിക്കും. യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസൽ പകർപ്പുകൾ സഹിതം (കൂടുതൽ വിവരങ്ങൾക്ക് അലോട്ട്മെന്റ് മെമ്മോ കാണുക) മെമ്മോയിൽ പ്രസ്താവിച്ചിരിക്കുന്ന ദിവസം കോളേജിൽ ഹാജരായി അഡ്മിഷൻ എടുക്കേണ്ടതാണ്. ഇപ്രകാരം അഡ്മിഷൻ എടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

Reconsider ചെയ്യുന്നതിന് അപേക്ഷ സമർപ്പിച്ചവരേയും സേ പരീക്ഷ പാസായശേഷം അപേക്ഷ സമർപ്പിച്ചവരേയും ഈ അലോട്ട്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ നേരത്തെ പ്രസിദ്ധീകരിച്ചിരുന്ന റാങ്ക് ലിസ്റ്റിലും അവസാന ഇൻഡക്സ് മാർക്കിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാം.

16.07.2018